ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

നം.ഇ.എക്സ്.II(2)/21831/എച്ച്.എസ്.ഇ/2014 തീയതി : 09.03.2015

# സർക്കുലർ

വിഷയം :- ഹയർസെക്കന്ററി പരീക്ഷ, മാർച്ച് 2015 – ഉത്തരക്കടലാസുകൾ അയയ്ക്കുന്നത് – സംബന്ധിച്ച്

2015 മാർച്ച് 9–ാം തീയതി മുതൽ 30–ാം തീയതി വരെ നടക്കുന്ന ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി പരീക്ഷയുടെ ഉത്തരക്കടലാസുകൾ അയയ്ക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഹയർസെക്കന്ററി പോർട്ടലിൽ ലഭ്യമാണ്. നിർദ്ദേശിച്ചിട്ടുള്ള ക്യാമ്പുകളിലേയ്ക്ക് മാത്രം ഉത്തരക്കടലാസുകൾ അയയ്ക്കുന്നതിന് ചീഫ് സൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **ഉത്തരക്കടലാസുകൾ ക്യാമ്പുകൾ മാറി അയയ്ക്കുന്നതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ചീഫ്സൂപ്രണ്ടുമാർമാത്രമായിരിക്കും ഉത്തരവാദികൾ**. ഓരോ പരീക്ഷാകേന്ദ്രത്തിലും രജിസ്റ്റർ ചെയ്തിട്ടുള്ള വിഷയങ്ങളുടെ വിശദാംശങ്ങൾ മാത്രമേ അതാത് സ്കൂളുകളിൽ ലഭ്യമാകുകയുള്ളൂ. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത വിഷയങ്ങളുടെ ഉത്തരക്കടലാസുകൾ അയയ്ക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കുന്നതിനായി jdexamdhse@gmail.com – ലേയ്ക്ക് മെയിൽ ചെയ്യേണ്ടതാണ്. ക്ലബ്ബ് ചെയ്തിട്ടുള്ള സ്കൂളുകളിലെ ഉത്തരക്കടലാസുകൾ അയയ്ക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അതാത് ക്ലബ്ഡ് സ്കൂളുകളിലെ പ്രിൻസിപ്പൽമാർ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ടതാണ്.

**ഉത്തരക്കടലാസുകൾ ക്യാമ്പുകളിലേയ്ക്ക് അയയ്ക്കുന്നതിന് മുമ്പ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ നമ്പർ വെരിഫൈ ചെയ്ത് കൃത്യത ഉറപ്പാക്കേണ്ടതാണ്.**

തമിഴ് / കന്നട –ൽ എഴുതുന്ന പാർട്ട് III വിഷയങ്ങളിലെ ഉത്തരക്കടലാസുകൾ അയയ്ക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു.

**തമിഴ്**

| | | |
|---|---|---|
| ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് | – | ക്യാമ്പ് നം. 23, സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്. കട്ടപ്പന, ഇടുക്കി (06026) പിൻ – 685515 |

ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ഒഴികെ മറ്റ് വിഷയങ്ങൾ – ക്യാമ്പ് നം. 24, സെന്റ് ജെറോം എച്ച്.എസ്.എസ്. വെള്ളയാംകുടി, ഇടുക്കി (06035) പിൻ – 685515

**കന്നട**

ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് – ക്യാമ്പ് നം. 52, ഗവ.എച്ച്.എസ്.എസ്. ബെല്ല ഈസ്റ്റ് പി.ഒ., കാസറഗോഡ് (14060) പിൻ – 671531

ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ഒഴികെ മറ്റ് വിഷയങ്ങൾ – ക്യാമ്പ് നം. 51, ഇക്ബാൽ എച്ച്.എസ്.എസ്. അജനൂർ, കാസറഗോഡ് (14020) പിൻ – 71531

പാർട്ട് III വിഷയങ്ങൾ തമിഴ്/കന്നട – യിൽ എഴുതുവാൻ ഓപ്റ്റ് ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ മേൽ സൂചിപ്പിച്ചിട്ടുള്ള ക്യാമ്പിലേയ്ക്ക് മാത്രമേ അയയ്ക്കുവാൻ പാടുള്ളൂ. ഓപ്ഷൻ നൽകിയിട്ടുള്ള രണ്ടാം വർഷ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ എച്ച്.എസ്.ഇ. മാനേജർ –ൽ ലഭ്യമാണ്. ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഓപ്ഷൻ എൻട്രി വരുത്തുന്നതിന് എച്ച്.എസ്.ഇ. മാനേജർ–ൽ ബെയ്സിക് സെറ്റിങ്സിലെ സ്റ്റുഡന്റ് ലിസ്റ്റിൽ മാറ്റം വരുത്താനുള്ള ഓപ്ഷൻ ലഭ്യമാണ്.

**ഒപ്പ്/–**
**സെക്രട്ടറി,**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്, കേരളം.**